## പതിനാലാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1961 | 01.02.2018-ൽ മറുപടിക്ക് |
|---|---|

### സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>,, വി.ടി. ബൽറാം<br>,, കെ.എസ്. ശബരീനാഥൻ<br>,, അൻവർ സാദത്ത് | പിണറായി വിജയൻ<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സർവ്വതോമുഖമായ വികാസത്തെ മുൻനിർത്തി മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ 8 കമ്മ്യൂണിറ്റി പ്രോജക്ടുകൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ; | (എ) | നിലവിലുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br>1) **KELSA**<br>കേരള ലീഗൽ സർവ്വീസ് (KELSA) അതോറിറ്റിയുടെ പിന്തുണയോടെ ഓരോ വ്യക്തിക്കും നിയമപരമായ അറിവ് നേടുന്നതിനായി കേരളത്തിലെ മുഴുവൻ എസ്.പി.സി. സ്കൂളുകളിലും നടപ്പിലാക്കിയിട്ടുള്ള പദ്ധതി.<br>2) **കേരളം മദ്യാസക്തിക്കെതിരെ**<br>എസ്.പി.സി. പദ്ധതിയും എക്സൈസ് വകുപ്പുമായി സഹകരിച്ച് വിദ്യാർത്ഥികളിലൂടെ അവരുടെ മാതാപിതാക്കളിലും സമൂഹത്തിലും മദ്യത്തിനും മയക്കുമരുന്നിനുമെതിരായി അവബോധം വളർത്തിയെടുക്കുന്നതിന് സംസ്ഥാനാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതി.<br>3) **മാലിന്യ സംസ്കരണം**<br>കേരള ശുചിത്വ മിഷന്റെ പിന്തുണയോടെ സമൂഹത്തിലെ ശുചിത്വ ബോധം വളർത്തുന്നതിനും മാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പിലാക്കേണ്ടത് ഓരോ പൗരന്റേയും കടമയാണെന്ന് മനസ്സിലാക്കുന്നതിനായി ആരംഭിച്ച പദ്ധതി. |

| | | | |
|---|---|---|---|
| | | | 4) **<u>ശുഭയാത്രാ പദ്ധതി</u>**<br>കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ കുട്ടികളിലൂടെ റോഡ് സുരക്ഷാ മാർഗ്ഗങ്ങൾ നൽകുന്നതിനായി ആരംഭിച്ച പദ്ധതി.<br>5) **<u>എന്റെ മരം പദ്ധതി</u>**<br>സംസ്ഥാന വനം വകുപ്പിന്റെ പിന്തുണയോടെ പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് പൊതു സമൂഹത്തെ ബോധവത്കരിക്കുന്നതിന് ലക്ഷ്യമിട്ട് ആരംഭിച്ച പദ്ധതി.<br>6) **<u>വീട്ടിൽ ഒരു ചങ്ങാതിക്കൂട്ടം</u>**<br>സമൂഹത്തിൽ ശാരീരികമായും മാനസികവുമായി പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തി അവരെ മുന്നോട്ടുള്ള ജീവിതപാതയിൽ സഹായിക്കുന്നതിനായി ആരംഭിച്ച പദ്ധതി.<br>7) **<u>സമ്പൂർണ്ണ ആരോഗ്യം</u>**<br>ആരോഗ്യ വകുപ്പിന്റെ പിന്തുണയോടുകൂടി വിദ്യാർത്ഥികളിൽ ആരോഗ്യപരമായ ജീവിതശൈലിയും ഭക്ഷണക്രമവും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ എസ്.പി.സി. സ്കൂളുകളിൽ നടപ്പിലാക്കുന്ന പദ്ധതി.<br>8) **<u>കെയർ</u>**<br>മതം, ജാതി, ഭാഷ, രാഷ്ട്രീയം, സമ്പന്നത തുടങ്ങിയ ഒന്നിന്റേയും പേരിൽ കുട്ടികളോട് ഒരു വിവേചനവും പാടുള്ളതല്ല എന്നീ കാര്യങ്ങളിൽ ഊന്നിയുള്ള പദ്ധതി. |
| (ബി) | വിദ്യാർത്ഥികൾക്കിടയിൽ വ്യാപകമാകുന്ന ലഹരി ഉപയോഗം നിർമ്മാർജ്ജനം ചെയ്യുന്നതിന് സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സേവനം വിനിയോഗിക്കുമോ; വിശദമാക്കാമോ? | (ബി) | എസ്.പി.സി. പരിശീലന പദ്ധതിയുടെ ഭാഗമായി ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി വിദ്യാർത്ഥി സമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിന് പഠനക്ലാസ്സുകളും മറ്റും സംഘടിപ്പിക്കാറുണ്ട്. പോലീസ് വകുപ്പിന്റെയും എക്സൈസ് വകുപ്പിന്റെയും ആഭിമുഖ്യത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സഹകരണത്തോടെ |

| | | | |
|---|---|---|---|
| | | | സ്കൂൾ പരിസരങ്ങളിലുള്ള കടകളിലും മറ്റിടങ്ങളിലുമുള്ള ലഹരി വസ്തുക്കളുടെ വിൽപ്പന തടയുന്നതിനായി പരിശോധനകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, ലഘുലേഖാ വിതരണം തുടങ്ങിയവ സംഘടിപ്പിച്ചു വരുന്നു. ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും അതിൽ പതിയിരിക്കുന്ന അപകടങ്ങളെക്കുറിച്ചും ബോധവാന്മാരായ കേഡറ്റുകൾ തന്റെ കുടുംബാംഗങ്ങളെയും അയൽവാസികളേയും സഹപാഠികളേയും മറ്റ് ബന്ധുമിത്രാദികളേയും ബാൻ ബാഡ്നെസ്സ് എന്ന സാമൂഹിക പദ്ധതിയിലൂടെ ബോധവൽക്കരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ